**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് - അഭിഭാഷക വൃത്തിയിൽ ഏർപ്പെടുന്നവർക്കുള്ള ധനസഹായം അനുവദിക്കുന്നതിന് സമയപരിധി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടികജാതി/പട്ടികവർഗ്ഗ വികസന (എ) വകുപ്പ്**

സ.ഉ.(സാധാ) നം.438/2011/പജപവവ. തിരുവനന്തപുരം, തീയതി, 6/5/2011.

പരാമർശം:- 1. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 31/3/2011-ലെ ഡെവ.ബി2/15981/10 നമ്പർ കത്ത്.

**ഉത്തരവ്**

പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ പരാമർശ കത്തിലെ ശുപാർശ പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗക്കാർക്ക് അഭിഭാഷക വൃത്തിയിൽ ഏർപ്പെടുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗക്കാർക്ക് ധനസഹായം നൽകുന്നതിന് താഴെപ്പറയുന്ന സമയപരിധി നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1.അഭിഭാഷക വൃത്തിയിൽ ഏർപ്പെടുന്നവർക്കുള്ള ധനസഹായ പദ്ധതി പ്രകാരം ധനസഹായത്തിനുള്ള അപേക്ഷ ബാർ കൗൺസിലിൽ എൻറോൾമെന്റ് ചെയ്ത് ഒരു മാസത്തിനകം ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ആഫീസിൽ സമർപ്പിക്കേണ്ടതാണ്.

2.രണ്ടും മൂന്നും വർഷത്തേയ്ക്കുള്ള ധനസഹായത്തിനുള്ള അപേക്ഷ യഥാക്രമം ഒന്നും രണ്ടും വർഷത്തെ ധനസഹായം കൈപ്പറ്റി ഒരു വർഷം പൂർത്തിയായതിന് ശേഷം രണ്ട് മാസങ്ങൾക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ജി. രാജേശ്വരി
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.
വെബ് സൈറ്റിലേയ്ക്ക്.

ഉത്തരവിൻ പ്രകാരം